# നിരന്തരമുള്ള പിന്മാറ്റത്തിൽ നിന്നുള്ള സ്വാതന്ത്ര്യം.

സാക് പുന്നൻ

WFTW 10 മാർച്ച് 2012

ന്യായാധിപന്മാരുടെ പുസ്തകം 3 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങളിൽ ദൈവം ഉയർത്തിയ 13 ന്യായാധിപന്മാരെകുറിച്ചു നാം വായിക്കുന്നു. പതിനാലാമത്തെ ന്യായാധിപനായിരുന്നു ശമുവേൽ. അദ്ദേഹത്തെകുറിച്ച് നാം 1 ശമുവേലിൽ വായിക്കുന്നു. ഇവരിൽ പല ന്യായാധിപന്മാരുടെയും പേരുകൾ അത്ര പ്രശസ്ഥമായിരുന്നില്ല.

ആദ്യത്തെ ന്യായാധിപൻ ഒത്നിയേൽ എന്ന് പേരുള്ളവനും കാലേബിൻറെ മരുമകനും അനന്തിരവനുമായ ഒരുവനായിരുന്നു (ന്യായാ:3:9). ഇവിടെ പറയുന്നത്; 'യഹോവയുടെ ആത്മാവ് ഒത്നിയേലിന്മേൽ വരികയും അവൻ യിസ്രായേൽ ജനതയുടെ ന്യായാധിപനായി തീരുകയും ചെയ്തു' എന്നാണ് (ന്യായാ. 3:10). ഈ കാര്യം ആവർത്തിക്കുന്നതായി ന്യായാധിപന്മാരുടെ പുസ്തകത്തിൽ നാം കാണുന്നു. ദൈവ ജനത്തെ നയിക്കുവാൻ തക്കവണ്ണം ദൈവത്തിൻറെ ആത്മാവ് ഗിദെയോൻറെ മേലും ശിംശോൻറെ മേലും വന്നു (ന്യായാ. 6:34, 14:6). ആത്മാവിൻറെ അഭിഷേകം മാത്രമാണ് യിസ്രായേലിനെ നയിക്കുവാൻ തക്കവണ്ണം അവരെ പ്രാപ്തരാക്കിയത്. ദൈവ ജനത്തെ നയിക്കുവാനും വഴി നടത്തുവാനും നമ്മെ ഇന്ന് സഹായിക്കുന്നതും ഈ അഭിഷേകം തന്നെയാണ്.

നാം വീണ്ടും ജനിച്ചവരായിരിക്കാം. അത് തീർച്ചയായും പരിശുദ്ധാത്മാവിൻറെ ഒരു പ്രവൃത്തി തന്നെയാണ്. എന്നാൽ ദൈവാത്മാവ് നമ്മുടെ മേൽ വന്ന് ദൈവവേലയ്ക്കായി നമ്മെ ശക്തീകരിക്കുന്നു എന്ന കാര്യവും തീർച്ചയായും നാം അറിഞ്ഞിരിക്കണം. ഏതെങ്കിലും ഒരു സഭായോഗത്തിൽ വച്ചുണ്ടായ വികാരപരമായ ഒരനുഭവത്തിൽ തൃപ്തരാകരുത്. അന്യഭാഷയിൽ സംസാരിക്കുന്നു എന്നുള്ളതിലും തൃപ്തരാകരുത്. പരിശുദ്ധാത്മാവിൻറെ നിറവില്ലെങ്കിലും നിങ്ങൾക്ക് അന്യഭാഷയിൽ സംസാരിക്കുവാൻ സാധിക്കും. പരിശുദ്ധാത്മാവിൻറെ ശക്തി കൂടാതെ ഒരിക്കലും തൃപ്തരാകരുത്. പരിശുദ്ധാത്മാവിൻറെ ശക്തി കൂടാതെ ദൈവ വേല ചെയ്യുവാൻ ഒരിക്കലും സാധിക്കുകയില്ല. പരിശുദ്ധാത്മാവിനാൽ ജനിക്കുകയും 30 വർഷക്കാലം ഒരു കുറവുമില്ലാത്തവനായി ജീവിക്കുകയും, 30 വർഷവും പരിശുദ്ധാത്മാവിനെ പൂർണ്ണമായി അനുസരിക്കുകയും ചെയ്ത യേശുവിനു പോലും പിതാവിൻറെ വേലക്കായി ഇറങ്ങുന്നതിനു മുമ്പ് പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിക്കേണ്ടിയിരുന്നു. അവിടുന്ന് യോർദ്ദാൻ നദിക്കരയിൽ വച്ച് പ്രാർഥിച്ചപ്പോൾ ദൈവത്തിൻറെ ആത്മാവ് അവിടുത്തെമേൽ വന്നു. ആ മാതൃക പിന്തുടരുക. എത്ര വലിയ അറിവോ മാനുഷീക കഴിവുകളോ അഭിഷേകത്തിനു പകരമാവുകയില്ല. അതിനാൽ നാം നിരന്തരം അഭിഷേകത്തിനു കീഴിൽ ജീവിക്കേണ്ടത് ആവശ്യമാണ്. ഒരിക്കൽ അഭിഷേകം ലഭിച്ച നമുക്ക് പിന്നീട് അതെങ്ങനെ നഷ്ടപ്പെടുന്നു എന്നതിൻറെ ദുരന്ത സ്മരണ ഉണർത്തുന്നതാണ് ശിംശോൻറെ ഉദാഹരണം.

ഒത്നീയേൽ യിസ്രായേലിൽ ഭരണം നടത്തിയ 40 വർഷവും അവിടെ സമാധാനമായിരുന്നു (ന്യായാ. 3:11). എന്നാൽ പിന്നീട് ഒത്നീയേൽ മരിച്ചു. യിസ്രായേൽ മക്കൾ വീണ്ടും ദൈവത്തിൻറെ ദൃഷ്ടിയിൽ ദുഷ്ടത പ്രവർത്തിച്ചു. അവർ ദുഷ്ടത പ്രവർത്തിച്ചപ്പോൾ 18 വർഷം അവരെ അടിമകളാക്കി വയ്ക്കുവാൻ മോവാബ് രാജാവിനെ ദൈവം അനുവദിച്ചു (ന്യായാ. 3:14).

ന്യായാധിപന്മാരുടെ പുസ്തകത്തിൽ ഇത്തരത്തിലുള്ള കാര്യം ഏഴു തവണ ആവർത്തിക്കുന്നതായി നാം കാണുന്നു. പല വിശ്വാസികളും ഇത്തരം ഒരു വൃത്തത്തിലാണ് ജീവിക്കുന്നത്. പിന്മാറ്റത്തിലാകുന്നു, പിന്നീട് മാനസാന്തരപ്പെട്ട് രക്ഷിക്കപ്പെടുന്നു, വീണ്ടും പിന്മാറ്റത്തിലാകുന്നു അങ്ങനെ അങ്ങനെ ആ വൃത്തത്തിൽ അവർ ചുറ്റിക്കൊണ്ടേയിരിക്കുന്നു. സഭായോഗത്തിനു ചെല്ലുമ്പോൾ അവർ ഉണർത്തപ്പെടുന്നു. അതിൻറെ ഫലമായി തങ്ങളെത്തന്നെ സമർപ്പിക്കുന്നു. ഉണർവ് യോഗം കഴിയുമ്പോൾ അവരുടെ പിന്മാറ്റം

വീണ്ടും ആരംഭിക്കുന്നു. വീണ്ടും ഒരു ദിവസം അഭിഷേകമുള്ള മറ്റൊരു പ്രസംഗകൻ വന്നു പ്രസംഗിക്കുമ്പോൾ അവർ വീണ്ടും ഉണർത്തപ്പെടുന്നു.

ഇത്തരം ഒരു വൃത്തത്തിൽത്തന്നെ നാം ജീവിക്കണമെന്നത് ദൈവഹിതമാണോ? ഒരിക്കലുമല്ല. ഇന്ന് എല്ലാ സമയത്തും പരിശുദ്ധാത്മാവിനെ നമ്മോടുകൂടെ നൽകപ്പെട്ടിട്ടുണ്ട്. ആ കാലത്ത് ആത്മാവ് ഒരു നേതാവിൻറെ മേൽ മാത്രം വരികയും മറ്റുള്ളവരെല്ലാം ആ നേതാവിനെ ആശ്രയിക്കുകയുമാണ് ചെയ്തിരുന്നത്. എന്നാൽ ഇന്ന് നമുക്കെല്ലാവർക്കും ആത്മാവിനെ പ്രാപിക്കുവാൻ കഴിയും. അതുകൊണ്ടുതന്നെ ഒരു മനുഷ്യനേയും നാം ആശ്രയിക്കേണ്ടതായിട്ടില്ല. ദൈവത്തിൻറെ അഗ്നി നമ്മുടെ ഉള്ളിൽ എപ്പോഴും ജ്വലിച്ചുകൊണ്ടിരിക്കുവാൻ സാധിക്കും.

18 വർഷം മോവാബ്യരെ സേവിച്ചുകഴിഞ്ഞപ്പോൾ യിസ്രായേൽ ജനത ദൈവത്തോട് നിലവിളിച്ചു (ന്യായാ. 3:15). ദൈവം ഏഹൂദ് എന്ന മറ്റൊരു മോചകനെ എഴുന്നേൽപ്പിച്ചു. അവൻ രണ്ടാമത്തെ ന്യായാധിപനായിരുന്നു. അടിമത്വത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിനായി ദൈവത്തോട് നിലവിളിക്കുവാൻ അവർ 18 വർഷം കാത്തിരുന്നതെന്തിനാണെന്ന കാര്യം എന്നെ അത്ഭുതപ്പെടുത്തുന്നു. അടിമത്വത്തിൻറെ ഒന്നാം മാസം തന്നെ എന്തുകൊണ്ട് അവർ ദൈവത്തോട് നിലവിളിച്ചില്ല? അതുപോലെതന്നെ ഇന്നും ഒരു വ്യക്തി പാപത്തിൽ പരാജയപ്പെട്ടവനായി 18 വർഷം വരെയൊക്കെ (ചിലപ്പോൾ 40 വർഷം വരെ) പാപത്തിൽ നിന്നുള്ള ജയം ആഗ്രഹിക്കാതെയിരിക്കുന്നതെന്തുകൊണ്ടാണ്? എന്തുകൊണ്ടാണെന്നെനിക്കറിയില്ല. എന്നാൽ നമുക്കുചുറ്റും അത് സംഭവിക്കുന്നുണ്ട്.

ഏഹൂദ് മോവാബ്യരെ കീഴടക്കിയതിനു ശേഷം 80 വർഷം രാജ്യത്ത് പ്രശ്നങ്ങൾ ഒന്നും ഉണ്ടായില്ല (ന്യായാ. 3:30). എന്നാൽ പിന്നെയും അവർ പിന്മാറി. അപ്പോൾ ദൈവം ശംഗറിനെ ഉയർത്തി. അയാൾ ചാട്ടകൊണ്ട് 600 ഫെലിസ്ത്യരെ കൊന്നു. പിന്നീട് ശിംശോൻ ചെയ്തതുപോലെ ഇതും ആത്മാവിൻറെ അഭിഷേകത്താലാണ് നടന്നത്.

പിന്നെയും യിസ്രായേൽ ജനത ദൈവത്തിൻറെ ദൃഷ്ടിയിൽ അനിഷ്ടമായത് ചെയ്തു. ദൈവം അവരെ കനാന്യ രാജാവായ യാബീൻറെ കൈയ്യിൽ ഏൽപ്പിച്ചു. യിസ്രായേൽ പുറത്താക്കേണ്ടിയിരുന്നവരാണ് കനാന്യർ. എന്നാൽ ഇപ്പോൾ ഇതാ ഒരു കനാന്യ രാജാവ് യിസ്രായേലിനെ ഭരിക്കുന്നു !!. പാപത്തെ കീഴടക്കി ഭരിക്കേണ്ടവരാണ് വിശ്വാസികൾ. എന്നാൽ പല സന്ദർഭത്തിലും പാപം അവരെയാണ് ഭരിക്കുന്നത്. യാബീന് 900 ഇരുമ്പ് രഥങ്ങളുണ്ടായിരുന്നു. അവൻ യിസ്രായേലിനെ 20 വർഷം അടക്കി ഭരിച്ചു. പിന്നീട് അവർ ദൈവത്തോട് നിലവിളിച്ചപ്പോൾ അവരെ ന്യായം വിധിച്ചു നടത്തേണ്ടതിനു ദൈവം ദെബോറയെ ന്യായാധിപതിയാക്കി (ന്യായാ. 4:3,4).

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)